**നതാ: സ്മ തേ നാഥപദാരവിന്ദം**
**ബുദ്ധീന്ദ്രിയപ്രാണമനോ വചോഭി:**
**യച്ചിന്ത്യതേƒന്തർഹൃദിഭാവയു ക്തൈർ**
**മ്മുമുക്ഷുഭി: കർമ്മയോരുപാശാത് (11-6-7)**
**ഭൂമേർഭാരാവതാരായ പുരാ വിജ്ഞാപിത: പ്രഭോ**
**ത്വമസ്മാഭിരശേഷാത്മം സ്തത്തഥൈവോപപാദിതം (11-6-21)**
**ധർമ്മശ്ച സ്ഥാപിത: സത്സു സത്യസന്ധേഷു വൈ ത്വയാ**
**കീർത്തിശ്ച ദിക്ഷു വിക്ഷിപ്താ സർവ്വലോകമലാപഹാ (11-6-22)**

*ശുകമുനി തുടർന്നു:*
അധികം താമസിയാതെ സ്വർഗ്ഗത്തിൽ നിന്നും ബ്രഹ്മാവിന്റെ നേതൃത്വത്തിൽ ദേവൻമാർ എല്ലാവരും ദ്വാരകയിൽ ഭഗവാൻ കൃഷ്ണനെ കാണാൻ ചെന്നു. അവർ ഭഗവാനെ പുഷ്പമർപ്പിച്ച് വാഴ്ത്തിപ്പാടി. "ഞങ്ങൾ അവിടുത്തെ പാദാരവിന്ദങ്ങളിൽ നമസ്കരിക്കുന്നു പ്രഭോ. ഞങ്ങളുടെ ബുദ്ധി, മനസസ്, പ്രാണവായു, വാക്ക് എന്നിവയെല്ലാം അവിടുത്തെ കുമ്പിടുന്നു. കർമ്മപാശത്തിൽനിന്നു മുക്തി നേടാനാഗ്രഹിക്കുന്ന ഭക്തശിരോമണികൾ നിരന്തരം ധ്യാനിക്കുന്നത് ആ പദകമലങ്ങളെ യാണല്ലോ."

*ബ്രഹ്മാവ് പറഞ്ഞു:*
ഭൂമിയുടെ ഭാരം കുറയ്ക്കാനായി ഞങ്ങൾ അവിടുത്തോടപേക്ഷിക്കുകയുണ്ടായി. അങ്ങ് ഞങ്ങളുടെ പ്രാർത്ഥന നിറവേറ്റുകയും ചെയ്തു. അങ്ങ് ഭൂമിയിൽ ധർമ്മസ്ഥാപനം നടത്തുകയും ചെയ്തു. ധർമ്മസംരക്ഷണവും പരിപാലനവും അവിടുന്ന് സ്വഭക്തൻമാരെ ഏൽപ്പിക്കുകയും ചെയ്തിരിക്കുന്നു. സകല പാപങ്ങളെയും ഇല്ലാതാക്കുന്ന അവിടുത്തെ മഹിമാവിശേഷം ലോകം മുഴുവൻ പരന്നു കഴിഞ്ഞിരിക്കുന്നു. നൂറ്റി ഇരുപത്തിയഞ്ച് കൊല്ലം മുൻപ് അങ്ങ് യദുകുലത്തിൽ പിറന്നു. ഇപ്പോൾ തിരികെ അവിടുത്തെ സ്ഥിരവാസസ്ഥലത്തേക്ക് മടങ്ങാൻ സമയമായിരിക്കുന്നു.

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*
എന്റെ ഉദ്ദേശം അതുതന്നെയാണ്. എന്റെ സംരക്ഷണത്തിൽ കഴിഞ്ഞിരുന്ന യാദവർ അഹംഭാവികളും ധിക്കാരികളുമായിരിക്കുന്നു. ഇത്രയും കാലം ധാർമ്മീകച്യുതി വരുത്തുന്നതിൽ നിന്നും അവരെ തടയാൻ എനിക്ക് കഴിഞ്ഞിരുന്നു. എന്നാൽ ഇനി മറ്റാർക്കും അതിന് കഴിയുകയില്ല. അതിനാൽ ഞാൻ ബ്രാഹ്മണരെക്കൊണ്ട് അവർക്ക് ഒരു ശാപമേൽപ്പിച്ചിട്ടുണ്ട്. ആ ശാപഫലം യദുകുലത്തിൽ കണ്ടു തുടങ്ങുമ്പോൾ ഞാൻ ഇവിടം വിടുന്നതാണ്.

ഉടനേ തന്നെ ദ്വാരകയിൽ ദു:ശ്ശകുനങ്ങൾ കണ്ടു തുടങ്ങി. ശ്രീകൃഷ്ണൻ യാദവരോട് അവിടംവിട്ട് പ്രഭാസമെന്ന ഒരിടത്തേക്ക് കുടിയേറിപ്പാർക്കാൻ ഉപദേശിച്ചു. പ്രഭാസം ഒരു പുണ്യസ്ഥലമത്രെ. ക്ഷയരോഗികൾ പോലും അവിടെ സുഖപ്പെടുന്നു. യാദവർ യാത്രയ്ക്കു വേണ്ട തയ്യാറെടുപ്പ് നടത്തുമ്പോൾ ഉദ്ധവർ അവിടെയെത്തി ഭഗവാനെ കണ്ടു.

ഉദ്ധവർ പറഞ്ഞു:
ഭഗവാനേ അവിടുന്ന് ഇഹലോകവാസം അവസാനിപ്പിക്കാൻ പോവുന്നു എന്നുറപ്പായിരിക്കുന്നു. ഞങ്ങൾ സദാ അവിടുത്തെ സഹചാരികൾ ആയിരുന്നു. ഇത്രയുംകാലം ഒരുമിച്ച് കഴിഞ്ഞിട്ട് ഇപ്പോൾ വേർപെടുക അസാദ്ധ്യം. അതു ഞങ്ങൾ സഹിക്കുന്നതെങ്ങിനെ? ദയവായി എന്നെയും കൂടെ കൊണ്ടുപോകൂ. സകലതും ഉപേക്ഷിച്ച മഹർഷിവര്യൻമാർ നീണ്ടകാലത്തെ തപസ്സും ധ്യാനവും കൊണ്ട് അവിടുത്തെ പ്രാപിക്കുന്നു. ഞങ്ങൾ കർമ്മചക്രത്തിൽ ഉഴറുന്നവരെങ്കിലും സംസാരസാഗരം തരണം ചെയ്യാനായി അവിടുത്തെ കഥകളും മഹിമാവിലാസങ്ങളും ഞങ്ങൾക്കു സ്വന്തമായുണ്ട്.